**നന്ദിപ്രകാശന സമന്വയന സമ്മേളനത്തിനുള്ള രൂപരേഖ**
**നവംബർ 23-26, 2023**
**പൊതുവിഷയം:**
**ക്രിസ്തുവിന്റെ ആസ്വാദനവും പക്വതയിങ്കലേക്കുള്ള നമ്മുടെ ജീവനിലുള്ള വളർച്ചയും**

ദൂത് ആറ്
**ക്രിസ്തുവിന് മുമ്പാകെ വച്ച സന്തോഷവും, നമ്മുടെ മുമ്പാകെ വച്ച സന്തോഷവും**

RK *Hymns*: ML168

തിരുവെഴുത്ത് വായന: എബ്രാ. 12:2; കൊലൊ. 2:15; വെളി. 19:7-9; നെഹെ. 8:10c

Heb. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

Neh. 8:10c ... നിങ്ങൾ ദുഃഖിക്കരുതു; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ എന്നു പറഞ്ഞു.

**I. നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും തികയ്ക്കുന്നവനുമായ യേശു, തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, "അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിച്ചു"—എബ്രാ. 12:2:**

A. ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തു—എഫെ. 5:25.

Eph. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

B. ക്രൂശിൽ കർത്താവ് പാപങ്ങൾക്കു വേണ്ടിയുള്ള യാഗമായ് തന്നെത്താൻ അർപ്പിക്കുകയും, അനേകരുടെ പാപങ്ങൾ വഹിക്കുകയും, വിശ്വാസികൾക്കായി പാപമായിത്തീരുകയും, ഈ ലോകത്തിന്റെ അധിപനെ പുറത്താക്കി ഈ ലോകത്തെ ന്യായം വിധിക്കുകയും, ഒരു ഗോതമ്പുമണിയായി, ദിവ്യജീവന്റെ

വിടുവിക്കലിനായ് മരണത്തിലേക്ക് വീഴുകയും ചെയ്തു—എബ്രാ. 9:28; 1 പത്രൊ. 2:24; 2 കൊരി. 5:21; യോഹ. 12:24, 31.

Heb. 9:28 ക്രിസ്തുവും, അനേകരുടെ പാപങ്ങൾ വഹിക്കുവാൻ ഒരിക്കൽ അർപ്പിക്കപ്പെട്ട ശേഷം, അവനെ പ്രതീക്ഷയോടെ കാത്തിരിക്കുന്നവർക്കു, രക്ഷയിങ്കലേക്ക്, പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും.

1 Pet. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

2 Cor. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

John. 12:31 ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടും.

C. കൊലൊസ്സ്യർ 2:15 ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ സമയത്ത് നടന്ന പോരാട്ടത്തെ ചിത്രീകരിക്കുന്നു:

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

1. തന്റെ ക്രൂശുമരണത്തിൽ ക്രിസ്തു വീണ്ടെടുപ്പ് നിറവേറ്റുവാനും, പിതാവായ ദൈവം പാപത്തെ വിധിക്കുവാനും പ്രവർത്തിക്കുകയായിരുന്നു.
2. അതേ സമയം, വാഴ്ച്ചകളും അധികാരങ്ങളും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും വേലയെ തടസ്സപ്പെടുത്താനുള്ള ശ്രമത്തിൽ വ്യാപൃതരായിരുന്നു —വാ. 15.

   Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

3. വാഴ്ച്ചകളും അധികാരങ്ങളും, സാത്താന് വേണ്ടി പ്രവർത്തിക്കുന്ന അവന്റെ കീഴിലുള്ള വീണുപോയ ദൂതന്മാരായ ദുഷ്ടദൂതന്മാരാണ്—എഫെ. 2:2.

   Eph. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

4. ദൈവം പാപത്തെ ന്യായം വിധിക്കുമ്പോൾ, ദുഷ്ട വാഴ്ച്ചകളും അധികാരങ്ങളും സന്നിഹിതരായിരിക്കുകയും, വളരെ സജീവമായിരുന്നുകൊണ്ട് അവർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന് ചുറ്റും ഒന്നിച്ചുകൂടി, വളരെ അടുത്ത് ഞെരുക്കുകയായിരുന്നു—കൊലൊ. 2:15:

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

a. അവർ അടുത്ത് ചേർന്ന് ഞെരുക്കാതിരുന്നെങ്കിൽ, ദൈവത്തിന് അവരെ ഉരിഞ്ഞുകളയുവാൻ കഴിയുമായിരുന്നില്ല.

b. നമ്മുടെ വസ്ത്രങ്ങൾ നമ്മുടെ ശരീരത്തോട് എത്ര അടുത്തായിരിക്കുന്നുവോ അതുപോലെ വാഴ്ച്ചകളും അധികാരങ്ങളും വളരെ അടുത്തായിരുന്നുവെന്ന് *ഉരിഞ്ഞു കളയുക* എന്ന വാക്കുകൾ സൂചിപ്പിക്കുന്നു.

5. വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞതിൽ, ക്രൂശിൽ അവരെ ലജ്ജിപ്പിച്ചും അവരുടെമേൽ ജയോത്സവം കൊണ്ടാടിയും ദൈവം അവരെ പരസ്യമായ കാഴ്ച്ചയാക്കി—വാ. 15.

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

**II. നമ്മുടെ മുമ്പാകെ വെച്ചിരിക്കുന്ന സന്തോഷം, മണവാളനായ യേശു, തന്നെത്താൻ ഒരുക്കിയ തന്റെ മണവാട്ടിക്കുവേണ്ടി വരുന്നതാണ്—വെളി. 19:7-9:**

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

A. മണവാട്ടിയുടെ പക്വത—വാ. 7-9; എഫെ. 4:13-15:

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

Eph. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

Eph. 4:14 അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ

ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

Eph. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

1. സംഘാത മണവാട്ടിയുടെ ഒരുക്കം ജയാളികളുടെ ജീവന്റെ പക്വതയെ ആശ്രയിച്ചിരിക്കുന്നു—വെളി. 19:7; എബ്രാ. 6:1; ഫിലി. 3:12-15; എഫെ. 4:13.

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Heb. 6:1 അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്, നിർജീവപ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരത്തിന്റെയും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും,

Phil. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

Phil. 3:15 അതുകൊണ്ട് നമ്മിൽ പൂർണവളർച്ച എത്തിയവർക്കൊക്കെയും ഈ മനസ്സുണ്ടായിരിക്കട്ടെ; വല്ലതിലും നിങ്ങൾ വ്യത്യസ്ത മനസ്സുള്ളവരാണെങ്കിൽ, അതും ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തിത്തരും.

Eph. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

2. രൂപാന്തരപ്പെടുക എന്നത് നമ്മുടെ സ്വാഭാവിക ജീവനിൽ ചയാപചയപരമായി മാറ്റംവരുന്നതാണ്, എന്നാൽ പക്വത പ്രാപിക്കുന്നത് നമ്മെ മാറ്റുന്ന ദിവ്യ ജീവനാൽ നിറയപ്പെടുന്നതാണ് —എബ്രാ. 6:1.

Heb. 6:1 അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്, നിർജീവപ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരത്തിന്റെയും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും,

B. മണവാട്ടിയുടെ കെട്ടുപണി—മത്താ. 16:18; എഫെ. 2:21-22; 4:15-16:

Matt. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

Eph. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

Eph. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

1. ദൈവത്തിന്റെ കെട്ടിടം ദൈവത്തിന്റെ ഹൃദയത്തിന്റെ ആഗ്രഹവും ദൈവത്തിന്റെ രക്ഷയുടെ ലക്ഷ്യവുമാണ്—1:5; പുറ. 25:8; പ്ര.നി. 1:11; 40:2-3, 34-35.

    Eph. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

    Exo. 25:8 ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം.

    Exo. 1:11 അങ്ങനെ കഠിനവേലകളാൽ അവരെ പീഡിപ്പിക്കേണ്ടതിന്നു അവരുടെമേൽ ഊഴിയവിചാരകന്മാരെ ആക്കി; അവർ പീഥോം, റയംസേസ് എന്ന സംഭാരനഗരങ്ങളെ ഫറവോന്നു പണിതു.

    Exo. 40:2 ഒന്നാം മാസം ഒന്നാം തിയ്യതി നീ സമാഗമനകൂടാരമെന്ന തിരുനിവാസം നിവിർക്കേണം.

    Exo. 40:3 സാക്ഷ്യപെട്ടകം അതിൽവെച്ചു തിരശ്ശീലകൊണ്ടു പെട്ടകം മറെക്കേണം.

    Exo. 40:34 അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെച്ചു.

    Exo. 40:35 മേഘം സമാഗമനകൂടാരത്തിന്മേൽ അധിവസിക്കയും യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെക്കയും ചെയ്തതുകൊണ്ടു മോശെക്കു അകത്തു കടപ്പാൻ കഴിഞ്ഞില്ല.

2. കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ലക്ഷ്യം, നാം പണിയപ്പെടേണ്ടതിന് നമുക്ക് ക്രിസ്തുവിനെ ജീവനും സകലവുമായ് പ്രത്യുദ്ധരിക്ക എന്നതാണ്—എഫെ. 3:8; 4:16.

    Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

    Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

3. ദൈവത്തിന്റെ കെട്ടിടം, ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരമാണ്—1 തിമൊ. 3:15-16;യോഹ. 17:22; എഫെ. 3:19, 21.

    1 Tim. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ

ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

1 Tim. 3:16 സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു.

John. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

Eph. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

Eph. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

C. മണവാട്ടിയുടെ നീതി—വെളി. 19:7-9; മത്താ. 5:20; 22:11-13:

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

Matt. 5:20 നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

Matt. 22:11 എന്നാൽ രാജാവ് മേശയിങ്കൽ ഇരിക്കുന്നവരെ നോക്കുവാനായി അകത്തു വന്നപ്പോൾ, അവിടെ വിവാഹവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ കണ്ടു.

Matt. 22:12 അവൻ അവനോട്, സ്നേഹിതാ, വിവാഹവസ്ത്രം ഇല്ലാതെ നീ ഇവിടെ അകത്തു എങ്ങനെ വന്നു? എന്നു ചോദിച്ചു. അവനോ മിണ്ടാട്ടം ഇല്ലാതായി.

Matt. 22:13 അപ്പോൾ രാജാവ് സേവകരോടു പറഞ്ഞു, അവന്റെ പാദങ്ങളും കൈകളും കെട്ടിയിട്ടു അവനെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

1. നമ്മുടെ വ്യക്തിനിഷ്ഠമായ നീതിയെന്ന നിലയിൽ, ദൈവത്താൽ നീതീകരിക്കപ്പെടുവാനും ദൈവത്തിന് എപ്പോഴും സ്വീകാര്യമായ ജീവിതം നമുക്കുവേണ്ടി ജീവിക്കുവാനും ക്രിസ്തു നമ്മിൽ വസിക്കുന്നു—5:6, 20.

Matt. 5:6 നീതിക്കായി വിശന്നു ദാഹിക്കുന്നവർ അനുഗൃഹീതർ, അവർ സംതൃപ്തരാക്കപ്പെടും.

Matt. 5:20 നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

2. ദൈവത്തോടും മനുഷ്യനോടും നേരായ ജീവിതം നമ്മുടെ ദൈനംദിന ജീവിതത്തിൽ നമ്മുടെ ആവിഷ്കാരമെന്ന നിലയിൽ ദൈവമായിരിക്കണം—2 കൊരി. 3:9; എഫെ. 4:24; കൊലൊ. 3:10.

2 Cor. 3:9 ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു.

Eph. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

3. വിശുദ്ധന്മാരുടെ വ്യക്തിനിഷ്ഠ നീതിയെന്ന നിലയിൽ ക്രിസ്തു അവരിൽ നിന്ന് ജീവിച്ചു വെളിപ്പെടുന്നതാണ് അവരുടെ വിവാഹ വസ്ത്രമായ് മാറുന്നത്—വെളി. 19:8.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

4. മത്തായി 22:11-13-ലെ വിവാഹവസ്ത്രം സൂചിപ്പിക്കുന്നത് നാം ജീവിച്ചു വെളിപ്പെടുത്തുന്നവനും, നമ്മുടെ അനുദിന ജീവിതത്തിൽ നമ്മുടെ കവിയുന്ന നീതിയായ് നമ്മിലൂടെ ആവിഷ്കരിക്കപ്പെടുന്നവനുമായ ക്രിസ്തുവിനെയാണ്—5:20; വെളി. 3:4-5, 18.

Matt. 22:11 എന്നാൽ രാജാവ് മേശയിങ്കൽ ഇരിക്കുന്നവരെ നോക്കുവാനായി അകത്തു വന്നപ്പോൾ, അവിടെ വിവാഹവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ കണ്ടു.

Matt. 22:12 അവൻ അവനോട്, സ്നേഹിതാ, വിവാഹവസ്ത്രം ഇല്ലാതെ നീ ഇവിടെ അകത്തു എങ്ങനെ വന്നു? എന്നു ചോദിച്ചു. അവനോ മിണ്ടാട്ടം ഇല്ലാതായി.

Matt. 22:13 അപ്പോൾ രാജാവ് സേവകരോടു പറഞ്ഞു, അവന്റെ പാദങ്ങളും കൈകളും കെട്ടിയിട്ടു അവനെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

Matt. 5:20 നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

Rev. 3:4 എന്നാൽ തങ്ങളുടെ വസ്ത്രം മലിനമാക്കാത്ത ചുരുക്കം പേരുകൾ സർദ്ദിസിൽ നിനക്കുണ്ട്, അവർ യോഗ്യന്മാരായതിനാൽ വെള്ള ധരിച്ച് എന്നോടുകൂടെ നടക്കും.

Rev. 3:5 ജയിക്കുന്നവനെ അപ്രകാരം വെള്ളവസ്ത്രം ധരിപ്പിക്കും, അവന്റെ പേർ ജീവപുസ്തകത്തിൽ നിന്ന് ഒരുവിധത്തിലും ഞാൻ മായിച്ചുകളയുകയില്ല, എന്റെ പിതാവിന്റെ മുമ്പാകെയും അവന്റെ ദൂതന്മാരുടെ മുമ്പാകെയും ഞാൻ അവന്റെ പേർ ഏറ്റുപറയും.

Rev. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

D. മണവാട്ടിയുടെ സൗന്ദര്യം —എഫെ. 5:25-27:

Eph. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

Eph. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

Eph. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

1. മണവാട്ടിയെന്ന നിലയിൽ സഭയ്ക്ക് സൗന്ദര്യം ആവശ്യമാണ്; എഫെസ്യർ 5-ലെ സൗന്ദര്യം മണവാട്ടിയെ മുൻനിർത്തേണ്ടതിനു വേണ്ടിയാണ്.

   Eph 5 be omitted.

2. മണവാട്ടിയുടെ സൗന്ദര്യം വരുന്നത് സഭയിലേക്ക് പണിതുചേർക്കപ്പെടുകയും സഭയിലൂടെ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുവിൽ നിന്നാണ് —3:17:

   Eph. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, ...

   a. നമ്മുടെ ഉള്ളിൽ നിന്ന് പ്രകാശിച്ചു വെളിപ്പെടുന്ന ക്രിസ്തു മാത്രമാണ് നമ്മുടെ സൗന്ദര്യം.
   b. ക്രിസ്തു നമ്മിൽ വിലമതിക്കുന്നത് അവന്റെ തന്നെ ആവിഷ്കാരത്തെയാണ്.

E. എഫെസ്യർ 6-ഉം വെളിപ്പാട് 19-ഉം വെളിപ്പെടുത്തുന്നത്, മണവാട്ടി എന്ന നിലയിൽ സഭ ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്താൻ ഒരു പോരാളിയും ആയിരിക്കണമെന്നാണ്:

Eph 6 be omitted.

Rev 19 be omitted.

1. ആത്മിക പോരാട്ടം ശരീരത്തിന്റെ കാര്യമാണ്; ഭൂമിയിൽ ദൈവത്തിന്റെ താത്പര്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന ഒരു സംഘാത സൈന്യമാണ് നാം—17:14; 19:14; പ്ര.നി. 2 തിമൊ. 2:4.

   Rev. 17:14 അവർ കുഞ്ഞാടിനോടു യുദ്ധം ചെയ്യും, കുഞ്ഞാട് അവരെ ജയിക്കും, അവൻ കർത്താധികർത്താവും രാജാധിരാജാവും ആകുന്നുവല്ലോ; വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായ അവനോടുകൂടെയുള്ളവരും, അവരെ ജയിക്കും.

Rev. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

2 Tim. 2:4 സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ സ്വയം കുരുക്കുന്നില്ല.

2. എഫെസ്യർ 5-ൽ വചനം മണവാട്ടിയെ സൗന്ദര്യവൽക്കരിക്കുന്നതിലേക്ക് നയിക്കുന്ന പോഷണത്തിനുവേണ്ടിയുള്ളതാണ്, എന്നാൽ എഫെസ്യർ 6-ൽ വചനം ആത്മിക പോരാട്ടത്തിൽ ഏർപ്പെടുവാൻ സംഘാത യോദ്ധാവായി സഭയെ പ്രാപ്തമാക്കുന്നതിന് കൊല്ലുന്നതിനു വേണ്ടിയാണ്—വാ. 17-18.

Eph 5 be omitted.

Eph 6 be omitted.

Eph. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

Eph. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

3. ക്രിസ്തു ഹർമ്മഗെദ്ദോനിൽ എതിർക്രിസ്തുവിനെതിരെ പോരാടുവാനായ് പോരാടുന്ന സൈന്യാധിപനെന്ന നിലയിൽ തന്റെ സൈന്യമായ മണവാട്ടിക്കൊപ്പം വരും —വെളി. 19:11-21.

Rev. 19:11 പിന്നെ ഞാൻ സ്വർഗം തുറക്കപ്പെട്ടതു കണ്ടു, ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു.

Rev. 19:12 അവന്റെ കണ്ണുകൾ അഗ്നിജ്വാലയാകുന്നു, അവന്റെ തലയിൽ അനേകം മകുടങ്ങളും, അവനല്ലാതെ ആർക്കും അറിയാത്ത എഴുതപ്പെട്ടിരിക്കുന്ന ഒരു നാമവും അവനുണ്ട്.

Rev. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

Rev. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

Rev. 19:15 രാഷ്ട്രങ്ങളെ വെട്ടേണ്ടതിന് അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; അവൻ സർവശക്തനായ ദൈവത്തിന്റെ ക്രോധവും കോപവുമായ വീഞ്ഞിന്റെ മുന്തിരിച്ചക്ക് മെതിക്കുന്നു.

Rev. 19:16 അവന്റെ വസ്ത്രത്തിന്മേലും തുടമേലും, രാജാധിരാജാവും കർത്താധികർത്താവും എന്ന് എഴുതിയിരിക്കുന്ന നാമമുണ്ട്.

Rev. 19:17 അനന്തരം സൂര്യനിൽ നിൽക്കുന്ന ഒരു ദൂതനെ ഞാൻ കണ്ടു, അവൻ മധ്യാകാശത്തിൽ പറക്കുന്ന എല്ലാ പക്ഷികളോടും ഉച്ചത്തിൽ വിളിച്ചു പറഞ്ഞത്, ഇവിടെ വരുവിൻ;

Rev. 19:18 രാജാക്കന്മാരുടെ മാംസവും സേനാധിപതികളുടെ മാംസവും ബലവാന്മാരുടെ മാംസവും കുതിരകളുടെയും അതിന്മേൽ ഇരിക്കുന്നവരുടെയും മാംസവും, സ്വതന്ത്രന്മാരും അടിമകളും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും ഭക്ഷിക്കേണ്ടതിന് ദൈവത്തിന്റെ മഹാ അത്താഴത്തിനായി നിങ്ങൾ കൂടിവരുവിൻ.

Rev. 19:19 പിന്നെ കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ മൃഗത്തെയും ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും കൂട്ടിവരുത്തിയിരിക്കുന്നത് ഞാൻ കണ്ടു.

Rev. 19:20 മൃഗത്തെയും അവനോടുകൂടെ, അവന്റെ സന്നിധിയിൽ താൻ ചെയ്ത അടയാളങ്ങളാൽ മൃഗത്തിന്റെ അടയാളം സ്വീകരിക്കുകയും അവന്റെ പ്രതിമയെ ആരാധിക്കുകയും ചെയ്തവരെ വഞ്ചിച്ച കള്ളപ്രവാചകനെയും പിടികൂടി. ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ എറിഞ്ഞു കളഞ്ഞു.

Rev. 19:21 ശേഷമുള്ളവരോ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാളാൽ കൊല്ലപ്പെട്ടു, അവരുടെ മാംസത്താൽ സകല പക്ഷികളും തൃപ്തരായി.

4. വിവാഹവസ്ത്രം—ക്രിസ്തു നമ്മുടെ ദൈനംദിന നീതിയായി നമ്മിൽ നിന്ന് ജീവിച്ച് വെളിപ്പെടുന്നത്—നമ്മെ വിവാഹത്തിൽ പങ്കെടുക്കുവാൻ മാത്രമല്ല, ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ എതിർക്രിസ്തുവിനെതിരെ ക്രിസ്തുവിനോട് ചേർന്ന് യുദ്ധം ചെയ്യുവാൻ സൈന്യത്തിൽ ചേരുവാനും യോഗ്യരാക്കുന്നു—മത്താ. 22:11-12; വെളി. 19:7-8, 14.

Matt. 22:11 എന്നാൽ രാജാവ് മേശയിങ്കൽ ഇരിക്കുന്നവരെ നോക്കുവാനായി അകത്തു വന്നപ്പോൾ, അവിടെ വിവാഹവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ കണ്ടു.

Matt. 22:12 അവൻ അവനോട്, സ്നേഹിതാ, വിവാഹവസ്ത്രം ഇല്ലാതെ നീ ഇവിടെ അകത്തു എങ്ങനെ വന്നു? എന്നു ചോദിച്ചു. അവനോ മിണ്ടാട്ടം ഇല്ലാതായി.

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

**III. "യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ"—നെഹെ. 8:10:**

A. നെഹെമ്യാവ് 8:10 അനുസരിച്ച്, യഹോവയിങ്കലെ സന്തോഷമാണ് നമ്മുടെ ബലം:

1. ഇത് നമുക്ക് ശക്തി ഉണ്ടായിരിക്കുന്നതിന്റെ കാര്യമല്ല; അവന്റെ സന്തോഷമാണ് നമ്മെ താങ്ങിനിർത്തുന്നത്—1 തെസ്സ. 5:16.

   1 Thes. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

2. കർത്താവിന്റെ സന്തോഷത്തിന് സാഹചര്യങ്ങളുമായി യാതൊരു കാര്യവുമില്ല; അവൻ ദൈവഹിതത്തിൽ സന്തോഷിച്ചു; ദൈവഹിതം അറിയുന്നതിലും ചെയ്യുന്നതിലും സന്തോഷം ഉണ്ടായിരുന്നു.
3. നാം കർത്താവിനെ പകർത്തുവാൻ ശ്രമിക്കരുത്, പകരം കർത്താവിന്റെ സന്തോഷം സ്വീകരിക്കുകയാണ് വേണ്ടത്:
   a. കർത്തിന്റേതായ ചിലത് നമ്മിലേക്ക് പകരപ്പെടുക സാധ്യമാണ്.
   b. നമുക്ക് കർത്താവിന്റെ സന്തോഷം ഉണ്ടായിരിക്കുവാൻ സാധിക്കും; അവന്റെ സന്തോഷം നമ്മുടെ ബലം ആയിത്തീരും.

B. തന്റെ ജീവിതാവസാനം വാച്ച്മാൻ നീ തന്റെ കഷ്ടപ്പാടുകളുടെ മധ്യേ പറഞ്ഞു, "ഞാൻ എന്റെ സന്തോഷം നിലനിർത്തുന്നു"—*വാച്ച്മാൻ നീ—a Seer of the Divine Revelation in the Present Age,* p. 182.

C. *എന്റെ സന്തോഷം നിലനിർത്തുന്നു* എന്നത് സൂചിപ്പിക്കുന്നത്, ഫിലിപ്പിയർ 4:4-ലെ "കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ" എന്ന അപ്പൊാസ്തലനായ പൗലൊസിന്റെ വചനം അദ്ദേഹം പ്രാവർത്തികമാക്കുകയായിരുന്നുവെന്നാണ്.

D. ദൈവത്തിന്റെ കരുണയും കൃപയും മുഖാന്തരം, കർത്താവിന്റെ സന്തോഷം നമ്മുടെ ബലമാകുന്നതിലൂടെ നമുക്കെല്ലാവർക്കും നമ്മുടെ സന്തോഷം നിലനിർത്തുവാൻ കഴിയട്ടെ.